**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1953** **04.10.2011-ൽ മറുപടിക്ക്**

**രാജീവ് ആവാസ് യോജന പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| രാജീവ് ആവാസ് യോജന പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ? | ചേരിരഹിത നഗരവികസനം ലക്ഷ്യം വച്ച് കേന്ദ്ര-സംസ്ഥാന-നഗരസഭകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് രാജീവ് ആവാസ് യോജന(RAY). ഈ പദ്ധതിയിൽ സർക്കാർ മാനദണ്ഡപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ ചേരികളിലേയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗം ഉൾപ്പെടെ എല്ലാ ചേരി നിവാസികൾക്കും പരിഗണന ലഭിക്കുന്നു. പ്രസ്തുത പദ്ധതിയിൽ ചേരികളിലെ ഭവന നിർമ്മാണം,അടിസ്ഥാന സൗകര്യ വികസനം, പശ്ചാത്തല സൗകര്യ വികസനം, തുടങ്ങി ചേരിയുടെ സമഗ്രവികസനം ആണ് ലക്ഷ്യം വയ്ക്കുന്നത്.പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 5 കോർപ്പറേഷനുകളെ ചേരിരഹിത നഗരങ്ങളായി ആസൂത്രണം ചെയ്യുന്നതിനുള്ള കർമ്മപരിപാടി നടപ്പാക്കി വരുന്നു.<br>ആർ.എ.വൈ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളും പൈലറ്റ് പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ